"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-DHQ കൊച്ചി സിറ്റിയിലെ SCPO 12076 ശ്രീ.രഞ്ജിത്ത് എൻ. മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1796/2026/HOME തീയതി,തിരുവനന്തപുരം, 22-05-2026

---

പരാമർശം:-

1. 24/08/2017 തീയതിയിലെ സ.ഉ(പി) നം.112/2017/ധനം നമ്പർ ഉത്തരവ്
2. ശ്രീ.രഞ്ജിത്ത് എൻ. 13/03/2026 തീയതിയായി സമർപ്പിച്ച അപേക്ഷ
3. സംസ്ഥാന പോലീസ് മേധാവിയുടെ 20/04/2026 തീയതിയിലെ ഇ5-73137/2026/PHQ നമ്പർ കത്ത്

**ഉത്തരവ്**

ഹൈക്കോടതി ജഡ്ജിയുടെ ഗൺമാനായി പ്രവൃത്തിയെടുത്തു വരുന്ന ശ്രീ.രഞ്ജിത്ത് എൻ (SCPO 12076, DHQ, കൊച്ചി സിറ്റി) 14/12/2025-ന് ഡ്യൂട്ടിക്കായി വരുന്ന വഴി വാഹനാപകടമുണ്ടായി പരിക്കുപറ്റി ചികിത്സയിലായിരുന്ന 14/12/2025 തീയതി മുതൽ 12/03/2026 വരെയുള്ള കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിക്കണമെന്നഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം മേലധികാരി മുൻപാകെ അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.രഞ്ജിത്ത് എൻ-ന് സംഭവിച്ച പരിക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഉണ്ടായതാണെന്ന് റിസർവ്വ് ഇൻസ്പെക്ടർ, DHQ, കൊച്ചി സിറ്റി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടിയാൻ പ്രസ്തുത അവധിക്ക് ശേഷം 13/03/2026-ൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ലീവ് റോൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നുമുണ്ട്. ഈ സാഹചര്യത്തിൽ DHQ കൊച്ചി സിറ്റിയിലെ SCPO 12076 ശ്രീ.രഞ്ജിത്ത് എൻ-ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി സംഭവിച്ച അപകടത്തെ തുടർന്ന് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന 14/12/2025 തീയതി മുതൽ 12/03/2026 വരെയുള്ള കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
ശ്രീ.രഞ്ജിത്ത് എൻ, SCPO 12076, DHQ, കൊച്ചി സിറ്റി (സംസ്ഥാന പോലീസ് മേധാവി മുഖേന)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sini George
സെക്ഷൻ ഓഫീസർ
Date: 23-05-2026 09:12:52